# കടലിൽനിന്നൊരു 'പുള്ളി'

## കേരളത്തിനു പുതിയൊരു അയല കൂടി



കൊച്ചി • അയലവർഗത്തിൽപെടുന്ന, കറുത്ത പുള്ളികളും ഉരുണ്ട ആകൃതിയുമുള്ള പുതിയ മീൻ സംസ്ഥാനത്തെ തീരക്കടലിൽ വ്യാപിക്കുന്നതായി കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ കേന്ദ്രത്തിലെ (സിഎംഎഫ്ആർഐ) ശാസ്ത്രസംഘം കണ്ടെത്തി. മുൻപു കണ്ടിട്ടില്ലാത്ത ഈ മത്സ്യത്തിന് അയലപ്പാരയുമായി (കൊഴിചാള) സാമ്യമുണ്ട്. അയലവിഭാഗത്തിൽ ത്തന്നെ നേരത്തേ കണ്ടെത്തിയിട്ടുള്ള മറ്റു മൽസ്യങ്ങളിൽനിന്ന് ഇതു വ്യത്യസ്തമാണ്. ഉപരിതല മൽസ്യ വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം.അബ്ദുസമദിന്റെ നേതൃത്വത്തിലുള്ള ശാസ്ത്രസംഘം നടത്തിയ പഠനത്തിലാണ് ഇതു കണ്ടെത്തിയത്. മൽസ്യത്തിനു സ്കോമ്പർ ഇൻഡിക്കസ് എന്നാണു ശാസ്ത്രനാമം. മൽസ്യത്തൊഴിലാളികൾക്കിടയിൽ പുള്ളി അയല, പുള്ളിത്തിരിയാൻ എന്നീ പേരുകളിലാണ് (ഇംഗ്ലിഷിൽ ഇന്ത്യൻ ചബ് മാക്കറൽ) ഇതറിയപ്പെടുന്നത്. കഴിഞ്ഞ വർഷം ഗുജറാത്ത് തീരത്താണ് ഈ മത്സ്യം ആദ്യം പ്രത്യക്ഷപ്പെട്ടത്. തുടർന്നു കന്യാകുമാരിവരെ ഇവയെ കണ്ടെത്തി. എന്നാൽ ഈ വർഷം കേരളതീരത്തു മാത്രമാണു കിട്ടിയത്. 2015ൽ കേരളതീരത്ത് ഈ മത്സ്യം 10 ടൺ ലഭിച്ചപ്പോൾ, ഈ വർഷം ഇതുവരെയുള്ള കണക്കുകൾ അനുസരിച്ച് 25 ടൺവരെ ലഭിച്ചിട്ടുണ്ട്. എറണാകുളം, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം, കോഴിക്കോട് തീരങ്ങളിലാണു കൂടുതൽ.